# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 29 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**പാർട്ട് - 1**

## ജില്ലയിലെ എല്ലാ താലൂക്കുകളിലേക്കും വിശപ്പുരഹിത കേരളം വ്യാപിപ്പിക്കും: ജില്ലാ വികസന സമിതി യോഗം

ജില്ലയിലെ എല്ലാ താലൂക്കുകളിലേക്കും വിശപ്പുരഹിത കേരളം പദ്ധതി വ്യാപിപ്പിക്കാൻ ജില്ലാ വികസനസമിതി യോഗത്തിൽ തീരുമാനം. ഓരോ താലൂക്കിലും ഓരോ സുഭിക്ഷ ഹോട്ടലുകളാണ് ഇതിന്റെ ഭാഗമായി ആരംഭിക്കുക. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഹോട്ടൽ പ്രവർത്തനമാരംഭിക്കാൻ അഞ്ച് ലക്ഷമാണ് താലൂക്കുകൾക്ക് അനുവദിച്ചിരിക്കുന്ന തുക. അതിന് പുറമെ വരുന്ന തുകയ്ക്ക് സ്പോൺസർമാരെ കണ്ടെത്താവുന്നതാണെന്നും ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. നിലവിൽ കയ്പമംഗലം, തൃശൂർ താലൂക്കുകളിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മാർച്ച് അവസാനത്തോടെ മറ്റു താലൂക്കുകളിലും സ്ഥലം കണ്ടെത്താനുള്ള നടപടികൾ പൂർത്തിയാക്കണമെന്ന് യോഗം സിവിൽ സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകി.

ജില്ലയിൽ വിവിധ ഇടങ്ങളിൽ തീപിടുത്തം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നത് സംബന്ധിച്ച് അടിയന്തിര നടപടികൾ എടുക്കും. വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശവും ആൾനാശവും വർധിക്കുന്നത് തടയാനും അടിയന്തര നടപടികളെടുക്കും. ഈ രണ്ട് സാഹചര്യങ്ങളിലും ജനങ്ങളുടെ സഹകരണം കൂടി ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

ജില്ലയിൽ മാർച്ച് മാസത്തിൽ 3500 പട്ടയങ്ങൾ നൽകും. 1300 വനഭൂമി പട്ടയങ്ങളുൾപ്പെടെയാണിത്. കൂടാതെ 2100 പട്ടയങ്ങൾ കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇവയ്ക്ക് അനുമതി ലഭിച്ചാൽ ഈ വർഷം തന്നെ രണ്ടാമതൊരു പട്ടയമേളകൂടി ജില്ലയിൽ നടത്തും.

ജില്ലയിൽ തെരുവുനായ ശല്യം ഏറിവരുന്ന സാഹചര്യത്തിൽ നായ വന്ധ്യംകരണ സെന്ററുകൾ, ഡോഗ് ക്യാച്ചേഴ്സ് ടീം എന്നിവ വർധിപ്പിക്കാനുള്ള നിർദ്ദേശം കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ മുന്നോട്ട് വെച്ചു. നായകളെ വന്ധീകരിക്കുന്നതിനായി സെറം കുത്തിവെപ്പ് പദ്ധതിയ്ക്കായി സർക്കാരിലേക്ക് അടിയന്തര റിപ്പോർട്ട് സമർപ്പിച്ചതായി ജില്ലാ വെറ്റനറി ഓഫീസറും അറിയിച്ചു.

വടക്കാഞ്ചേരി ടൗണിൽ മാടക്കട നടത്തുന്ന വയോധിക ലഹരിവിൽപന നടത്തുന്നു എന്ന പരാതിയിൽ ഒരാഴ്ചക്കകം നടപടിയെടുക്കാൻ കളക്ടർ നിർദ്ദേശം നൽകി. മാർച്ച് 2 ന് തുറക്കാൻ തീരുമാനിച്ചിരുന്ന പീച്ചി ഇടതുകര കനാൽ ഇന്ന് (മാർച്ച് 1) തന്നെ തുറക്കാനും തീരുമാനമായി. രൂക്ഷമായ വരൾച്ചയെ തുടർന്ന് മേഖലയിലെ കാർഷികജീവിതം ദുസ്സഹമായ സാഹചര്യത്തിൽ ഗവ ചീഫ് വിപ്പ് രാജന്റെ നിർദ്ദേശപ്രകാരമാണ് തീരുമാനം. ജില്ല സമ്പൂർണ ഡിജിറ്റലാക്കുന്നതിന്റെ

ഭാഗമായി പരമാവധി ക്രയവിക്രയങ്ങൾ ഓൺലൈനാക്കി മാറ്റണമെന്ന് കളക്ടർ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. വില്ലേജ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് റസീപ്റ്റ് നിർബന്ധമാക്കണമെന്ന ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎയുടെ നിർദ്ദേശം യോഗം അംഗീകരിച്ചു. തൃശൂർ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ ആരംഭിക്കുന്നത് സംബന്ധിച്ച് അടിയന്തര മീറ്റിംങ് ചേരുമെന്ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ അറിയിച്ചു. കൊറ്റമ്പത്തൂരിലെ തീപിടുത്തത്തിൽ മരണമടഞ്ഞ രണ്ട് വനപാലകരുടെയും കൊല്ലത്ത് ആറ്റിൽ മരിച്ചനിലയിൽ കണ്ടെത്തിയ ദേവനന്ദയുടെയും മരണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. കൊറ്റമ്പത്തൂരിലെ തീപിടുത്തത്തിൽ സമയോചിതമായി കൃത്യനിർവ്വഹണം നടത്തിയ ഫയർഫോഴ്സ് ഉദ്യോഗസ്ഥരെയും കൊറോണ വൈറസ് ജില്ലയിൽ നിന്ന് തുടച്ചു നീക്കുന്നതിന് അവസരോചിതമായ ഇടപെടൽ നടത്തിയ ജില്ലാ ഭരണകൂടത്തിന്റെയും ആരോഗ്യവകുപ്പിന്റെയും പ്രവൃത്തികളെയും യോഗം അഭിനന്ദിച്ചു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ കളക്ടർ എസ്. ഷാനവാസ് അധ്യക്ഷത വഹിച്ചു. ഗവ ചീഫ് വിപ്പ് അഡ്വ കെ രാജൻ, എംഎൽഎമാരായ ബി ഡി ദേവസ്സി, ഇ ടി ടൈസൺ, യു ആർ പ്രദീപ്, കെ വി അബ്ദുൾഖാദർ, ഗീത ഗോപി, ജില്ലാ പ്ലാനിംഗ് ഓഫീസർ ടി ആർ മായ, മന്ത്രി വി എസ് സുനിൽകുമാറിന്റെ പ്രതിനിധി, ബെന്നി ബഹനാൻ എംപിയുടെ പ്രതി നിധി, ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.

## കടവല്ലൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിന് 30.10 ലക്ഷം രൂപ അനുവദിച്ചു

കുന്നംകുളം എം.എൽ.എ.യും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുമായ എ.സി.മൊയ്തീന്റെ 2019 -20 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും കടവല്ലൂർ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിനായി 30.10 ലക്ഷം രൂപ അനുവദിച്ചതായി തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എ.സി.മൊയ്തീൻ അറിയിച്ചു.

എരുമപ്പെട്ടി പഞ്ചായത്ത് പാരാത്തുകുളം -തൃക്കണപതിയാരം റോഡ് ടാറിങ് 22 ലക്ഷം, കടവല്ലൂർ പുതിയഞ്ചേരി നക്ഷത്ര ക്ലബ് റോഡ് സൈഡ് കെട്ടി ടാറിങ് 20 ലക്ഷം, എരുമപ്പെട്ടി കരിയന്നൂർ - കാവിൽപട്ടം റോഡ് ടാറിങ് 21 ലക്ഷം, കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ അനോന്യം നടത്തുന്നതിന് ഹാൾ നിർമ്മാണം 15 ലക്ഷം, കുന്നംകുളം നഗരസഭ ആര്യംപാടം കോളനി -വലിയപറമ്പ് റോഡ് ടാറിങ് 12 ലക്ഷം, വേലൂർ പഞ്ചായത്ത് പഴവൂർ -കുണ്ടുകാട് റോഡ് ടാറിങ് 16 ലക്ഷം, വേലൂർ ഞാറേക്കാട് റോഡ് മെറ്റലിങ്, ടാറിങ് 10 ലക്ഷം എന്നിങ്ങനെ ഒരു കോടി നാൽപത്തിയാറുലക്ഷത്തിപതിനായിരം രൂപയും ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ചതായി മന്ത്രി അറിയിച്ചു.

നേരത്തെ 353.90 ലക്ഷം രൂപയുടെ 8 പദ്ധതികൾ ഈ സാമ്പത്തിക വർഷം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. ഇതോടെ ഈ സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ മൊത്തം 5 കോടി രൂപയുടെ പദ്ധതികളും അനുവദിച്ചതായി മന്ത്രി അറിയിച്ചു.

## സേവനത്തിന്റെ 131 വർഷങ്ങൾ തികച്ച് തൃശൂർ മാനസികാരോഗ്യ കേന്ദ്രം

സേവനപാതയിൽ 131 വർഷങ്ങൾ പൂർത്തീകരിച്ച് തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രം. വാർഷിക ആഘോഷ ഉദ്ഘാടനം മാനസികാരോഗ്യ കേന്ദ്രം അങ്കണത്തിൽ കോർപ്പറേഷൻ മേയർ അജിത ജയരാജൻ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷയായി. 14 ഏക്കർ സ്ഥലത്ത് കൊച്ചി മഹാരാജാവ് 1889 ൽ പടിഞ്ഞാറെ കോട്ടയിൽ സ്ഥാപിച്ചതാണിത്. പൊതു സമൂഹത്തിന്റെ ശ്രദ്ധയും പരിചരണവും ഏറെ ലഭിക്കേണ്ട മാനസിക രോഗികൾക്കാവശ്യമായ കരുതലും സ്നേഹവും ആധുനിക ചികിത്സയും ഈ ആതുരാലയത്തിൽ നൽകുന്നു.

വാർഷികാഘോഷത്തിന്റെ ഭാഗമായി ഈ കേന്ദ്രത്തിലെ അന്തേവാസികൾ, കൂട്ടിരുപ്പുകാർ, ജീവനക്കാർ, കുടുംബാംഗങ്ങൾ എന്നിവർക്ക് വേണ്ടി വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

സ്റ്റാഫ് അംഗങ്ങളും, സൊസൈറ്റി ഫോർ ഒക്കുപ്പേഷണൽ തെറാപ്പി യൂണിറ്റും സംയുക്തമായാണ് കലാപരിപാടികൾ സംഘടിപ്പിച്ചത്. ജില്ലാ കളക്ടർ എസ് ഷാനവാസ്, ഡെപ്യൂട്ടി ഡി എം ഒ ഡോ വി കെ മിനി, മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഡോ ടി ആർ രേഖ, സീനിയർ കൺസൾട്ടന്റ് ഡോ എസ് വി സുബ്രമണ്യൻ, സൊസൈറ്റി ഫോർ ഒക്കുപ്പേഷണൽ തെറാപ്പി ആൻഡ് റീഹാബിലിറ്റേഷൻ പ്രസിഡന്റ് കെ രാധാകൃഷ്ണൻ, എച്ച് എം സി അംഗങ്ങളായ വിശാലാക്ഷി, ബാലസുന്ദർ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: 131-ാം വാർഷികാഘോഷ ഉദ്ഘാടനം മാനസികാരോഗ്യ കേന്ദ്രം അങ്കണത്തിൽ കോർപ്പറേഷൻ മേയർ അജിത ജയരാജൻ നിർവഹിക്കുന്നു***

## അപകടങ്ങളിൽ വിളിപ്പാടകലെ ഞങ്ങളുണ്ട്: വടക്കേക്കാടിന് ഇനി കനിവ് 108ന്റെ സൗജന്യ ആംബുലൻസ്

സംസ്ഥാന ആരോഗ്യവകുപ്പ് വടക്കേക്കാട് സാമൂഹികാരോഗ്യകേന്ദ്രത്തിന് 'കനിവ് 108' ആംബുലൻസ് അനുവദിച്ചു. അപകടത്തിൽപ്പെടുന്നവരെ ആശുപത്രികളിൽ എത്തിക്കുന്നതിന് നൽകുന്ന സൗജന്യ ആംബുലൻസ് ശൃംഖലയാണ് 'കനിവ് 108'. വടക്കേക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിന് ലഭിച്ച ആംബുലൻസ് കെ. വി അബ്ദുൾ ഖാദർ എംഎൽഎ ജനങ്ങൾക്കായി സമർപ്പിച്ചു.

ഗുരുവായൂർ മണ്ഡലത്തിലെ മൂന്നാമത്തെ ആംബുലൻസാണിത്. ആംബുലൻസിൽ ഡ്രൈവറോടൊപ്പം പ്രത്യേക പരിശീലനം ലഭിച്ച നഴ്സും ജീവൻ രക്ഷാ ഉപകരണങ്ങളും ഉണ്ടാകും. 108 എന്ന നമ്പറിൽ പൊതുജനങ്ങൾക്ക് ആംബുലൻസിന് വേണ്ടി വിളിക്കാം. ഏത് തരത്തിലുള്ള അപകടം/ രോഗം/എമർജൻസിയാണ് എന്ന് വിളിക്കുമ്പോൾ തന്നെ അറിയിക്കണം. ആശുപത്രി നമ്പറിലോ മറ്റു പേഴ്സണൽ നമ്പറുകളിലോ ആംബുലൻസിനായി വിളിക്കരുത്. ആംബുലൻസ് സർവ്വീസ് തികച്ചും സൗജന്യമാണ്. 24 മണിക്കൂർ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. റോഡപകടങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്ന 12 മണിക്കൂറിൽ (രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് വരെ) ഉടൻ ലഭ്യമാക്കുക എന്ന രീതിയിലാണ് സേവനം ക്രമപ്പെടുത്തിയിട്ടുള്ളത്.

ചടങ്ങിൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുസ്താക്ക് അലി, വടക്കേക്കാട് പഞ്ചായത്ത് പ്രസിഡന്റ് മറിയു മുസ്തഫ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അഷ്റഫ്, മെമ്പർമാരായ ബാലകൃഷ്ണൻ, ശ്രീധരൻ, ഹെൽത്ത് സൂപ്രണ്ട് ഡോ. പിഷാരടി, സൂപ്പർവൈസർ രാജു എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: സൗജന്യ ആംബുലൻസ് ശൃംഖലയായ 'കനിവ് 108' ന്റെ ഫ്ളാഗ് ഓഫ് കെ. വി അബ്ദുൾ ഖാദർ എംഎൽഎ നിർവഹിക്കുന്നു***

## പക്ഷികൾക്ക് ദാഹജലമൊരുക്കി കുന്നംകുളം നഗരസഭ

വേനൽ കടുത്തതോടെ പക്ഷികൾക്ക് ദാഹജലത്തിന് സൗകര്യമൊരുക്കി കുന്നംകുളം നഗരസഭയിൽ തണ്ണീർപാത്രങ്ങൾ സജ്ജീകരിച്ചു. നഗരസഭ വളപ്പിൽ വിവിധയിടങ്ങളിലാണ് പത്തോളം തണ്ണീർ പാത്രങ്ങൾ ഒരുക്കിയിട്ടുള്ളത്. പാത്രങ്ങളിൽ ദിവസവും വെള്ളം നിറച്ചുവെയ്ക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ തണ്ണീർ പാത്രങ്ങളിൽ വെള്ളം നിറച്ച് ഉദ്ഘാടനം നിർവഹിച്ചു.

നഗരസഭ ചെയർ പേഴ്സൻ സീതാരവീന്ദ്രൻ, വൈസ് ചെയർമാൻ പി എം സുരേഷ്, സ്ഥിരം സമിതി അധ്യക്ഷന്മാരായ മിഷ സെബാസ്റ്റ്യൻ, സുമ ഗംഗാധരൻ, ഗീതാ ശശി, കൗൺസിലർമാർ, സെക്രട്ടറി കെ കെ മനോജ്, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ് : കുന്നംകുളം നഗരസഭയിൽ പക്ഷികൾക്ക് ദാഹജലമൊരുക്കുന്ന തണ്ണീർ പാത്രത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ വെള്ളം നിറയ്ക്കുന്നു.***

# ഇനി ചായ കുടിച്ചു പരാതി പറയാം
# കൊടുങ്ങല്ലൂരിൽ പൊതുജനങ്ങൾക്കായി പോലീസ് കാന്റീൻ

കൊടുങ്ങല്ലൂരിലെ പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ എത്തിയാൽ ഇനി പരാതി മാത്രമല്ല, നല്ല ഭക്ഷണവും കഴിക്കാം. പൊതുജനങ്ങൾക്കും പരാതിക്കാർക്കും മിതമായ നിരക്കിൽ മായം കലരാത്ത ഭക്ഷണം നൽകാൻ സ്റ്റേഷനിൽ കാന്റീൻ ഒരുക്കിയിരിക്കുകയാണ് കൊടുങ്ങല്ലൂർ പോലീസ്. സ്റ്റേഷനിലെ പൊലീസുകാർക്കായി മുമ്പ് പ്രവർത്തിച്ചിരുന്ന മെസ്സാണ് കാന്റീനായി മാറിയത്. ചുരുങ്ങിയ നിരക്കിൽ ചായയും ചെറുകടിയും ഉച്ചഭക്ഷണവുമുൾപ്പടെയാണ് ഒരുക്കിയിരിക്കുന്നത്. ഈയിടെ അന്താരാഷ്ട്ര നിലവാരത്തിൽ സ്റ്റേഷൻ നവീകരിച്ചതിനെ തുടർന്നാണ് കാന്റീൻ എന്ന ആശയം ഉടലെടുത്തത്. സർക്കിൾ ഇൻസ്പെക്ടർ പി.കെ പത്മരാജന്റെയും, എസ്.ഐ ഇ.ആർ ബൈജുവിന്റെയും നേതൃത്വത്തിലാണ് കാന്റീൻ നവീകരണ പ്രവർത്തനങ്ങൾ നടത്തിയത്. പ്രവർത്തന മേൽനോട്ടത്തിന് ഊഴമനുസരിച്ച് പൊലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തും. വിഭവങ്ങൾ നിശ്ചയിക്കുന്നതും ആവശ്യമായ സാധനങ്ങൾ എത്തിക്കുന്നതും ഇവരുടെ ചുമതലയാണ്. പോലീസുകാർക്കും പൊതുജനങ്ങൾക്കും നിലവാരമുള്ള ഭക്ഷണം വിളമ്പുകയെന്ന ലക്ഷ്യമാണ് ഇതിന് പിന്നിൽ. സ്നേഹത്തോടെ ഭക്ഷണം വിളമ്പാനും പൊലീസുകാർക്ക് കഴിയുമെന്നതിന്റെ നേർസാക്ഷ്യമാവാനാണ് ഇവരുടെ ശ്രമം. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച കാന്റീൻ വിജയകരമാകുമെന്ന പ്രതീക്ഷയിലാണ് ഉദ്യോഗസ്ഥർ.

***ഫോട്ടോ അടിക്കുറിപ്പ്: കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ പ്രവർത്തനാരംഭിച്ച കാന്റീൻ***

# കൊടകര ജിഎച്ച്എസ്എസ് മുഖം മിനുക്കുന്നു
# അടിസ്ഥാന സൗകര്യങ്ങൾക്കായി 5.75 ലക്ഷം അനുവദിച്ചു

അടിസ്ഥാന സൗകര്യ വികസനത്തിനായി കൊടകര ഗവ. ഹയർ സെക്കന്ററി സ്കൂളിന് 5.75 ലക്ഷം രൂപ അനുവദിച്ചതായി ബി ഡി ദേവസ്സി എം എൽ എ അറിയിച്ചു. അഞ്ചുലക്ഷം രൂപ ചിലവിൽ സന്ദർശക മുറി നിർമ്മിക്കും. എയർപോർട്ട് മോഡൽ കസേരകൾ, ടീപോയ്, പെഡസ്റ്റൽ ഫാൻ എന്നിവ വാങ്ങാനും തീരുമാനമായി. സർക്കാർ ഓഫീസുകളിൽ സന്ദർശകരായ പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി 2019-20 സാമ്പത്തിക വർഷത്തിൽ നീക്കിവെച്ച തുകയിൽ നിന്നാണ് പൊതുവിദ്യാഭ്യാസ വകുപ്പ് തുക അനുവദിച്ചത്. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചായിരിക്കും പദ്ധതി നിർവ്വഹണം. രണ്ടു ബയോളജി സയൻസ് കോഴ്സും കോമേഴ്സ്, കമ്പ്യൂട്ടർ സയൻസ്, ഹ്യൂമാനിറ്റീസ് എന്നി വിഷയങ്ങളിൽ ഓരോ കോഴ് സും വീതമാണ് ഇവിടെയുള്ളത്. പത്തു ബാച്ചുകളിലായി 600 വിദ്യാർത്ഥികൾ പഠിക്കുന്നു. പുതിയ സൗകര്യങ്ങൾ വരുന്നതോടെ ഹയർ സെക്കന്ററി വിഭാഗത്തിൽ മികച്ച പഠന കേന്ദ്രങ്ങളിലൊന്നായി കൊടകര ജി എച്ച് എസ് എസ് മാറും.

# കേച്ചേരി പുഴയെ സംരക്ഷിക്കാൻ
# പദ്ധതിയുമായി ചൂണ്ടൽ ഗ്രാമപഞ്ചായത്ത്

ജില്ലയിലെ പ്രധാന പുഴകളിലൊന്നായ കേച്ചേരി പുഴയെ സംരക്ഷിക്കാൻ പദ്ധതികൾ ആവിഷ് ക്കരിച്ചിരിക്കുകയാണ് ചൂണ്ടൽ ഗ്രാമപഞ്ചായത്ത്. പുഴയുടെ ഇരുവശങ്ങളും കെട്ടി സുരക്ഷിതമാക്കുന്നതോടൊപ്പം പുഴക്കരയിൽ വൃക്ഷങ്ങളും ഔഷധ സസ്യങ്ങളും വച്ചുപിടിപ്പിക്കുകയും പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയുമാണ് പഞ്ചായത്തിന്റെ ലക്ഷ്യം. പാറന്നൂർ ചിറ മുതൽ കൂമ്പുഴ പാലം വരെ 1.5 കിലോ മീറ്ററിലാണ് ആദ്യം പ്രവർത്തനങ്ങൾ സംഘ ടിപ്പിക്കുക. ഇതിനു മുന്നോടിയായി രണ്ടു ഭാഗവും ജില്ലാ സർവേ വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ അളന്നു തിട്ടപ്പെടുത്തി. കാർഷിക സർവകലാശാല ഹരിതകേരളമിഷൻ കോർഡിനേറ്റർ ഡോ. പ്രേമ, ചൂണ്ടൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ എ കരീം, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ ഇന്നലെ (ഫെബ്രു.29) പുഴ സന്ദർശിച്ചു.

മണ്ണുത്തി ഫോറസ്ട്രി കോളേജിലെ വിദ്യാർത്ഥികൾ അടുത്ത ആഴ്ച പുഴ സന്ദർശിക്കും. തുടർന്ന് മികച്ചരീതിയിൽ പുഴ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ജിയോമാപ്പ് തയ്യാറാക്കി

സർക്കാരിന് സമർപ്പിക്കും. പുഴക്കരയിൽ പച്ചത്തുരുത്ത് നിർമ്മിക്കുക, ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുക, മുളങ്കാടുകൾ സജ്ജീകരിക്കുക എന്നിവയും പുഴ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കും. ഇതോടൊപ്പം പച്ചക്കറി കൃഷിയും വ്യാപിപ്പിക്കും. വേനൽകാല, മഴക്കാല പച്ചക്കറി വിളകളാണ് ഇവിടെ കൃഷി ചെയ്യുക. പുഴയുടെ ഇരുകരയും കെട്ടി സംരക്ഷിക്കുന്നതോടൊപ്പം പുഴയെ മലിനമാക്കുന്നത് തടയാനും പഞ്ചായത്ത് ജാഗ്രതാ സമിതിയെ നിയോഗിക്കും. തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും പുഴ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തും.

## വിദ്യാർത്ഥികൾക്ക് ഫർണീച്ചറുകൾ നൽകി

കാട്ടകാമ്പാൽ ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് ഫർണീച്ചറുകളും പഞ്ചായത്തിലെ അങ്കണവാടികളിലേക്ക് കസേരയും പഞ്ചായത്തിലെ മുതിർന്നവർക്കുള്ള കസേരയും വിതരണം ചെയ്തു. പെങ്ങാമുക്ക് ജി എൽ പി സ്കൂളിൽ നടന്ന വിതരണോദ്ഘാടനം കാട്ടകാമ്പാൽ പഞ്ചായത്ത് പ്രസിഡന്റ് സി കെ സദാനന്ദൻ നിർവഹിച്ചു. വൈസ് പ്രസിഡന്റ് സുജിനി ബാബുജി അധ്യക്ഷത വഹിച്ചു.

വികസന സ്ഥിരം സമിതി അധ്യക്ഷൻ കോടത്തൂർ ഗംഗാധരൻ, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ഷീജ സുധീപ്, പഞ്ചായത്തംഗങ്ങളായ എം എസ് മണികണ്ഠൻ, പ്രഭിത വിശ്വൻ, ടി എസ് മണികണ്ഠൻ, ഐ സി ഡി എസ് സൂപ്പർവൈസർ രശ്മി, സ്കൂൾ പ്രധാനാധ്യാപിക ഷീല പോൾസൻ എന്നിവർ പങ്കെടുത്തു. പഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയത്.

## ദർഘാസ് ക്ഷണിച്ചു

ചെറുതുരുത്തി ചെക്ക് ഡാമിന്റെ മുകൾഭാഗത്ത് അടിഞ്ഞു കൂടിയ മണ്ണും മണലും നീക്കം ചെയ്യാൻ തൃശൂർ സെൻട്രൽ ഇറിഗേഷൻ വിഭാഗം ദർഘാസ് ക്ഷണിച്ചു. ഡാമിൽ നിലവിലെ അളവിൽ വെള്ളം സംഭരിക്കാനും പുഴയിലെ വെള്ളത്തിന്റെ നീരൊഴുക്ക് തടസ്സപ്പെടാതിരിക്കാനും വേണ്ടിയാണ് അടിഞ്ഞു കൂടിയ മണ്ണും മണലും നീക്കം ചെയ്യാൻ തീരുമാനിച്ചത്. ഏകദേശം 15,750 ക്യുബിക് മീറ്റർ മണ്ണാണ് നീക്കം ചെയ്യാനുള്ളത്.

നൂതന സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് ഇറിഗേഷൻ വകുപ്പിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച് വേണം ദർഘാസ് ലഭിച്ചവർ ഡാമിൽ നിന്ന് മണ്ണെടുക്കേണ്ടത്. ഡിസിൽറ്റിങ് കഴിഞ്ഞാൽ ഉടനെ തന്നെ മണ്ണ് ഒഴിവാക്കണം. ടെൻഡർ ഓൺലൈനായി മാത്രമേ അപേക്ഷിക്കാൻ കഴിയൂ. വിശദ വിവരങ്ങൾക്ക് www.etenders.kerala.gov.in എന്ന വെബ്സൈറ്റ് അഡ്രസ്സിലോ ജില്ലാ ഇറിഗേഷൻ ഓഫീസിലോ ബന്ധപ്പെടുക.

# തുടരും